# 1 താരയുടെ വീട്

## ആമുഖം

വസ്തുക്കളെ താരതമ്യം ചെയ്യുന്നതിനും സ്ഥലപരമായ അവസ്ഥകൾ വിശദീകരിക്കുന്നതിനുമുള്ള പദങ്ങൾ ചർച്ച ചെയ്യുന്നതിനുമാണ് ഈ യൂണിറ്റ്. വസ്തുക്കളുടെ പേരുകൾ പറയാൻ കുട്ടികൾക്കറിയാം. നിർദേശങ്ങൾക്കനുസരിച്ചു കൂട്ടങ്ങളെ താരതമ്യം ചെയ്യാനും കുട്ടികൾക്കറിയാം. അടുത്ത്, ദൂരെ, മുന്നിൽ, പിന്നിൽ തുടങ്ങിയ പദങ്ങളും കുട്ടികൾക്ക് പരിചയമുണ്ട്. വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് ഉപയോഗിക്കുന്ന പദങ്ങളും - ചെറുത്/വലുത്, കൂടുതൽ/കുറവ്, ഉയരം കൂടിയത്/ഉയരം കുറഞ്ഞത്, നീളം കൂടിയത്/നീളം കുറഞ്ഞത് തുടങ്ങിയവ - സ്ഥലപരമായ അവസ്ഥയെ സൂചിപ്പിക്കുന്നതിനുള്ള പദങ്ങളും - അടുത്ത്/അകലെ, അകത്ത്/പുറത്ത്, മുകളിൽ/താഴെ, വലത്ത്/ഇടത്ത് തുടങ്ങിയവ ഈ യൂണിറ്റിൽ വിശകലനം ചെയ്യുന്നു. അതോടൊപ്പംതന്നെ നിരീക്ഷിക്കാനും താരതമ്യം ചെയ്യാനും കാര്യകാരണബന്ധം വിശദീകരിക്കാനും സമർഥിക്കാനുമുള്ള അവസരങ്ങൾ ഈ യൂണിറ്റിലൂടെ ലഭിക്കുന്നു. തുടർന്നുള്ള യൂണിറ്റുകളിൽ പല സന്ദർഭങ്ങളിലായി ഈ ആശയങ്ങൾ ആഴത്തിൽ ചർച്ച ചെയ്യുന്നുമുണ്ട്.





| യൂണിറ്റ് : 1 – താരയുടെ വീട് | യൂണിറ്റ് പ്രെയിം | |
|---|---|---|
| **ആശയങ്ങൾ, ധാരണകൾ** | **പ്രക്രിയ/പ്രവർത്തനങ്ങൾ** | **പഠനനേട്ടങ്ങൾ** |
| • വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് - വലുത്/ചെറുത്, ഉയരം കൂടിയത്/കുറഞ്ഞത്, നീളം കൂടിയത്/ കുറഞ്ഞത്, കൂടുതൽ എണ്ണമുള്ളത്/കുറഞ്ഞ എണ്ണമുള്ളത് തുടങ്ങിയ പദങ്ങൾ ഉപയോഗിക്കുന്നു. | • ചിത്രങ്ങൾ നിരീക്ഷിച്ചും വസ്തുക്കൾ താരതമ്യം ചെയ്തും കളികളിലേർപ്പെട്ടും വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് ഉപയോഗിക്കുന്ന പദങ്ങൾ കണ്ടെത്തുന്നു. | • വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് യോജിച്ച പദങ്ങൾ ഉപയോഗിക്കുന്നു. |
| • വസ്തുക്കളുടെ സ്ഥാനം വ്യക്തമാക്കുന്നതിന് അകത്ത്/പുറത്ത്, മുകളിൽ/താഴെ, വലത്ത്/ഇടത്ത്, മുന്നിൽ/പിന്നിൽ, അടുത്ത്/ അകലെ തുടങ്ങിയ പദങ്ങൾ ഉപയോഗിക്കുന്നു. | • ചിത്രങ്ങൾ, വസ്തുക്കൾ എന്നിവ നിരീക്ഷിച്ചും കളികളിൽ ഏർപ്പെട്ടും കഥകൾ, പാട്ടുകൾ എന്നിവയിലൂടെ സ്ഥലപരമായ അവസ്ഥ വിശദീകരിക്കുന്നതിന് യോജിച്ച പദങ്ങൾ കണ്ടെത്തുന്നു. | • സ്ഥലപരമായ അവസ്ഥ സൂചിപ്പിക്കുന്നതിന് ഏറ്റവും ഉചിതമായ പദങ്ങൾ ഉപയോഗിക്കുന്നു. |

## യൂണിറ്റിലേക്ക്

**സമഗ്രികൾ : ചിത്രങ്ങൾ, മഞ്ചാടി, മുത്തുകൾ, ഈർക്കിലുകൾ തുടങ്ങിയ ശേഖരങ്ങൾ.**
**സമയം : 40 പിരിയഡ്**

### പ്രവർത്തനം - 1

**ചിത്രവായന (പാഠപുസ്തകത്തിലെ ചിത്രം)**

ഈ പ്രവർത്തനം ചിത്രവായനയ്ക്കുള്ളതാണ്. കുട്ടികൾക്ക് പരിചിതമായ ചുറ്റുപാടുകളാണ് താരയുടെ വീട് എന്ന പേരിൽ ചിത്രത്തിൽ കൊടുത്തിരിക്കുന്നത്. തുടർന്ന് വരുന്ന ഭാഗങ്ങളിൽ ചിത്രങ്ങളെ ഗണിതപരമായി വിശകലനം ചെയ്യുന്നതിന് ചില പ്രവർത്തനങ്ങൾ കൊടുത്തിട്ടുണ്ട്. ആ ചിത്രങ്ങൾ എല്ലാം ചേർന്നരീതിയിലുള്ള ഒരു ചിത്രമാണ് ചിത്രവായനയ്ക്കായി നൽകിയിട്ടുള്ളത്. ഈ ചിത്രം നിരീക്ഷിച്ച് വിശകലനം നിർവഹിക്കുകയാണ് കുട്ടി ചെയ്യേണ്ട പ്രവർത്തനം. ചിത്രം സൂക്ഷ്മമായി വിശകലനം ചെയ്യുന്നതിനാവശ്യമായ ചില ചോദ്യങ്ങളും സൂചനകളും ടീച്ചർ നൽകണം.

- ചിത്രത്തിൽ എന്തെല്ലാം കാണുന്നു?
- ഓരോന്നും എവിടെയാണുള്ളത്?
- ഓരോന്നിന്റെയും നിറം എന്ത്?
- 
- 



ചോദ്യങ്ങളോട് കുട്ടികൾ പ്രതികരിക്കുകയും ക്ലാസിൽ ചർച്ച നടക്കുകയും വേണം. ഇതുപോലുള്ള ചോദ്യങ്ങൾ കുട്ടികൾ പരസ്പരം ചോദിക്കുകയും ഉത്തരങ്ങൾ വിശകലനം ചെയ്യുകയും വേണം.

തുടർന്ന് ചില സൂചനകൾ നൽകുമ്പോൾ വസ്തു ഏതെന്ന് കുട്ടി ചിത്രത്തിൽനിന്ന് കണ്ടെത്തി പറയണം.

ഉദാ:
- ചിത്രത്തിൽ ഞാനൊന്ന്, കാണുന്നു.
  മഞ്ഞനിറത്തിൽ കുഞ്ഞനൊരുത്തൻ;
  ഞാനാരെന്ന് പറയാമോ?
- നിങ്ങളെനിക്ക് പച്ചപ്പുല്ല് തരും.
  ഞാൻ നിങ്ങൾക്ക് വെളുത്തപാൽ തരും.
  ഞാനാരാണെന്നറിയാമോ?

തുടർന്ന് കുട്ടികൾ ഇത്തരം സൂചനകൾ തയാറാക്കി ടീച്ചറെ കാണിക്കുന്നു. ടീച്ചർ ഭേദഗതികൾ നിർദേശിക്കുന്നു. പരസ്പരം ചോദിക്കുകയും ചെയ്യട്ടെ.

തുടർന്ന് കുട്ടികൾ അവരവരുടെ വീടും താരയുടെ വീടും താരതമ്യം ചെയ്യട്ടെ. ഓരോരുത്തരും മറ്റുള്ളവരുമായി ഇതിനെക്കുറിച്ച് സംസാരിക്കട്ടെ. മികവുകൾ അവതരിപ്പിക്കട്ടെ.




കുട്ടികളുടെ നിരീക്ഷിക്കാനുള്ള കഴിവ്, പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ തരംതിരിക്കാനുള്ള കഴിവ്, ആശയവിനിമയശേഷി എന്നിവ ടീച്ചർ വിലയിരുത്തണം.



**ചിത്രവായനയുടെ അവസാനം ചിത്രത്തിലുള്ളത് താരയാണെന്നും കൂടെയുള്ള കൂട്ടുകാരി താരയുടെ വീട്ടിൽ വന്നതാണെന്നും കഥയിലൂടെ അവതരിപ്പിക്കണം.**

## പ്രവർത്തനം - 2

### വലുത്, ചെറുത്

വലുത്/ചെറുത് എന്നീ ആശയങ്ങൾ അവതരിപ്പിക്കുന്ന പ്രവർത്തനമാണിത്. ടീച്ചർ സന്ദർഭം അവതരിപ്പിക്കുന്നു. താരയും മീനുവും കളി കഴിഞ്ഞ് വന്നപ്പോൾ രണ്ടുപേർക്കും താരയുടെ അമ്മ ഗ്ലാസിൽ വെള്ളം കൊടുത്തു. നമ്മുടെ ക്ലാസിലെ എല്ലാ കുട്ടികൾക്കും വെള്ളം കുടിക്കണം. ഏത് പാത്രത്തിൽ വെള്ളം എടുക്കണം? ക്ലാസിൽ വച്ചിരിക്കുന്ന (വലിയ/ചെറിയ) പാത്രത്തിൽനിന്ന് ഒരെണ്ണം തിരഞ്ഞെടുക്കുന്നു.

- എന്തുകൊണ്ട് ആ പാത്രം തിരഞ്ഞെടുത്തു?
- ചെറിയ പാത്രമായാൽ എന്താണ് പ്രശ്നം?

ചർച്ചയെ തുടർന്ന് വലുത്/ചെറുത് എന്നിവയുമായി ബന്ധപ്പെട്ട മറ്റു ചില സന്ദർഭങ്ങൾ ടീച്ചർ അവതരിപ്പിക്കുന്നു.

- കുട്ടികൾക്ക് വെള്ളമെടുക്കുന്നതിന് സ്കൂളിലെ ടാങ്കിനുപകരം വാട്ടർബോട്ടിൽ വച്ചാലോ?
- കളിക്കുന്നതിന് ഗോട്ടിക്കുപകരം ഫുട്ബോൾ ഉപയോഗിച്ചാലോ?
- ക്രിക്കറ്റ് ബാളിനുപകരം ഗോട്ടി ഉപയോഗിച്ചാലോ?
- 
- 
- ഓരോ ചോദ്യത്തോടും കുട്ടികൾ പ്രതികരിക്കുന്നു. ചർച്ച നടക്കുന്നു.

### വലുത് ഏത്? ചെറുത് ഏത്?

- ടീച്ചർ ചെറിയ പുസ്തകം കാണിക്കുന്നു. ഈ പുസ്തകത്തെക്കാൾ ചെറിയ ഒരു പുസ്തകം ക്ലാസിലുണ്ട്. കണ്ടെത്താമോ?
- ഈ പന്തിനേക്കാൾ ചെറിയ പന്ത് കണ്ടെത്താമോ?
- അകലങ്ങളിൽ ഇരിക്കുന്ന കപ്പുകൾ കാണിച്ച് വലുത് ഏത് എന്ന് ഊഹിച്ചു പറയൂ. പരിശോധിച്ചുനോക്കൂ.

വലുത്/ചെറുത് - ആശയധാരണ, യുക്തിപൂർവം സമർഥിക്കാനുള്ള കഴിവ്, കാര്യകാരണബന്ധം കണ്ടെത്താനുള്ള കഴിവ്, ആശയവിനിമയശേഷി തുടങ്ങിയവ വിലയിരുത്തണം.




ഇതുപോലെ മറ്റു ചോദ്യങ്ങളും നൽകാം.

തുടർന്ന് വലുതിനും ചെറുതിനും ഉദാഹരണങ്ങൾ പറയട്ടെ.

## പ്രവർത്തനം - 3

**അകത്ത് ആര്?**

(അകത്ത്/പുറത്ത് എന്നീ ആശയങ്ങൾ ചർച്ച ചെയ്യാനുള്ളതാണ് ഈ പ്രവർത്തനം.)

ടീച്ചർ ഒരു ബോക്സിന് അകത്ത് (പെൻസിൽ ബോക്സ്/ടിഫിൻബോക്സ്/...) മിഠായി ഇട്ട് അടച്ചുവയ്ക്കുന്നു (കുട്ടികൾ കാണാൻ പാടില്ല). കുലുക്കി നോക്കി ബോക്സിനകത്ത് എന്താണെന്ന് പറയാമോ? ഓരോ കുട്ടിയും കുലുക്കിനോക്കി പറയട്ടെ.

ആരൊക്കെ പറഞ്ഞത് ശരിയാണ്? കുട്ടികൾ ഊഹിച്ച് പറയട്ടെ.

തുടർന്ന് ഒരു കുട്ടി ബോക്സ് തുറക്കട്ടെ - അകത്തെ വസ്തു കാണിക്കട്ടെ - ശരിയുത്തരം പറഞ്ഞവർ ആരൊക്കെ?

എങ്ങനെ ശരിയുത്തരം കണ്ടുപിടിച്ചു? ചർച്ച ചെയ്യാം.



**കളിക്കിടയിൽ 'അകത്തുള്ളത്' എന്ന വാക്ക് കുട്ടികൾ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.**

## പ്രവർത്തനം - 4



**മഞ്ചാടി നിറയ്ക്കാം**

ടീച്ചർ ക്ലാസിന്റെ ഒരു മൂലയിൽ 5 തീപ്പെട്ടിയും കുറേ മഞ്ചാടി/മുത്തും വയ്ക്കുന്നു. കൈയടിക്കുമ്പോൾ ക്ലാസിൽനിന്ന് ടീച്ചർ നിർദേശിക്കുന്ന 5 കുട്ടികൾ ഓടിവന്ന് ഓരോരുത്തരും ഓരോ തീപ്പെട്ടി തുറന്ന് പുറത്ത് കിടക്കുന്ന മഞ്ചാടി/മുത്ത് ഓരോന്നുവീതം എടുത്ത് തീപ്പെട്ടിയിൽ നിറയ്ക്കണം. നിറച്ചുകഴിഞ്ഞാൽ ഉടൻ 'അകത്താക്കി' എന്ന് ഉച്ചത്തിൽ പറയണം. ആദ്യം പറയുന്ന ആൾ ജയിച്ചു.

**തുടർപ്രവർത്തനം**

മഞ്ചാടി അകത്താക്കിയ തീപ്പെട്ടികൾ അഞ്ചെണ്ണവും ടീച്ചറുടെ മേശപ്പുറത്ത് വയ്ക്കുന്നു. കൈയടിക്കുമ്പോൾ 5 കുട്ടികൾ ഓടിവന്ന് തീപ്പെട്ടികൾ കൊണ്ടുപോയി അതിലുള്ള മുത്ത്/മഞ്ചാടി ക്ലാസിന്റെ മൂലയിൽ നിക്ഷേപിച്ചശേഷം 'പുറത്താക്കി' എന്ന് ഉച്ചത്തിൽ പറയണം. ആരാണ് ആദ്യം തീർത്തത്?

## പ്രവർത്തനം - 5

**അകത്ത് പുറത്ത് കളി**

സാധാരണ കളിക്കുന്ന കുളംകര കളിയിൽ കുളം, കര എന്നിവയ്ക്കുപകരം അകത്ത്, പുറത്ത് എന്നീ പദങ്ങൾ ഉപയോഗിച്ച് കളിച്ചാലോ?
ക്ലാസിൽ ഒരു വട്ടം വരയ്ക്കുന്നു.
തുടർന്ന് ക്ലാസിൽ നിശ്ചിത എണ്ണം കുട്ടികൾ അകത്തും ബാക്കിയുള്ളവർ പുറത്തും നിൽക്കുന്നു. അകത്ത് ആരെല്ലാം?

പുറത്ത് ആരെല്ലാം? ടീച്ചർ നിർദേശിക്കുന്ന കുട്ടി വന്ന് അകത്ത് രാജു, കബീർ എന്നിങ്ങനെ കുട്ടികളുടെ പേര് പറയണം. പുറത്ത് രാമു, സജു എന്നിങ്ങനെ പേര് പറയണം. കുട്ടികളെ മാറ്റി കളി ആവർത്തിക്കാം. ഈ കളിയിലൂടെ ക്ലാസിലെ കുട്ടികളുടെ പേര് കൂടി അറിയാനും സാധിക്കുന്നു.

അകത്ത്/പുറത്ത് പറയാനുള്ള സന്ദർഭങ്ങൾ കുട്ടികൾ കണ്ടെത്തി പറയട്ടെ.

- ബാഗിനുള്ളിൽ പുസ്തകം
- പെട്ടിക്കു പുറത്ത് പേന
- കവറിനു പുറത്ത് പന്ത്
- കുപ്പിക്കകത്ത് വെള്ളം
- ക്ലാസിൽ കുട്ടികൾ
- അലമാരയിൽ തുണി




അകത്ത്/പുറത്ത് ആശയധാരണ, ആശയവിനിമയശേഷി എന്നിവ വിലയിരുത്തണം.

തുടർന്ന് പാഠപുസ്തകത്തിലെ പ്രവർത്തനത്തിലേക്ക്.

## പ്രവർത്തനം - 6

**താരയെ കാണാൻ മീനു എത്തി** (പാഠപുസ്തകം, പേജ് 8)

താരയുടെ വീടും പരിസരവും കാണാൻ മീനു എത്തി. വീടും പരിസരവും കാണിക്കാൻ താരയ്ക്ക് ധൃതിയായി. നന്ദിനിയെ (പശുക്കുട്ടി) കാണാൻ രണ്ടുപേരും തൊഴുത്തിനടുത്തെത്തി. പാഠപുസ്തകത്തിലെ സംഭാഷണം ടീച്ചർ വായിച്ചു കേൾപ്പിക്കുന്നു. തുടർന്ന് വലുത് ഏത് എന്നതിന് ✓ അടയാളം നൽകുന്നു. (പേജ് 8)

ഓരോരുത്തരും ചെയ്തത് പരസ്പരം വിലയിരുത്താം.

തെറ്റിയവർക്ക് മറ്റ് എന്ത് പ്രവർത്തനം നൽകാം?

ചിത്രത്തിലെ പാത്രങ്ങളിൽ ചെറുത്/വലുത് ✓ ചെയ്യാൻ നിർദേശിക്കാം.

തുടർന്ന്

- ബ്ലാക്ക്ബോർഡിൽ ചെറുതും വലുതമായ ചിത്രം വരച്ച് ✓ ചെയ്യിക്കാം.
- വലിയ പന്ത് എടുക്കൂ.
- വലിയ ചോക്ക് ഏത്?
- 
- 




ഇങ്ങനെ നിർദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കാനുള്ള അവസരം നൽകാം.

- ക്ലാസിൽ എത്രപേർക്ക് ഈ ആശയം ലഭിച്ചു?
- ലഭിക്കാത്തവർക്ക് മറ്റ് എന്തെല്ലാം പ്രവർത്തനങ്ങൾ നൽകാം?

താര മീനുവിനേയുംകൂട്ടി കോഴിക്കൂടിനടുത്തെത്തി. സംഭാഷണം ടീച്ചർ അവതരിപ്പിക്കുന്നു. (പാഠപുസ്തകം, പേജ് - 8)

അകത്താര് - ✓ ചിഹ്നം നൽകുക.

ചിഹ്നമിട്ടത് കുട്ടികൾ പരസ്പരം വിലയിരുത്തണം.

- ക്ലാസിലുള്ള അകത്ത്/പുറത്ത് സന്ദർഭങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ. തുടർന്ന് അകത്ത്/പുറത്ത് ഉദാഹരണങ്ങൾ കുട്ടികൾ സ്വയം കണ്ടെത്തി പറയട്ടെ.

തുടർന്ന് ഇത് രണ്ടും ഉൾപ്പെടുന്ന പ്രവർത്തനമായാലോ?

- വലിയ പന്തെടുത്ത് കവറിനകത്ത് ഇടുക.
- ചെറിയ പന്ത് വലിയ ബോക്സിനകത്ത് വയ്ക്കുക.
- വലിയ പെട്ടിക്കകത്തുള്ള പന്തുകളിൽ ചെറുത് പുറത്തിടുക.
-
-

ഇത്തരം നിർദേശങ്ങൾക്ക് അനുസൃതമായി കുട്ടികൾ പ്രവർത്തിക്കുമ്പോൾ ആശയധാരണ, താരതമ്യം ചെയ്യാനുള്ള കഴിവ് തുടങ്ങിയവ വിലയിരുത്തണം.








**ക്ലാസിൽ വരച്ചിട്ടുള്ള വലിയ ചിത്രത്തിൽ ഈ ആശയങ്ങൾക്കുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തണം. ഈ ആശയങ്ങൾ ഉപയോഗപ്പെടുത്തി ബ്ലാക്ക്ബോർഡിൽ വരയ്ക്കാൻ കുട്ടികൾക്ക് അവസരം നൽകണം.**

## പ്രവർത്തനം - 7

മുകളിൽ/താഴെ, ഉയരം കൂടിയത്/ഉയരം കുറഞ്ഞത് എന്നീ വാക്കുകൾ ഉപയോഗപ്പെടുത്താവുന്ന കഥ ടീച്ചർ അവതരിപ്പിക്കുന്നു.

### തൊപ്പിക്കാരൻ അലി

*തൊപ്പി വിൽപ്പനയാണ് അലിയുടെ ജോലി. ഉയരം കുറഞ്ഞ ഒരു മനുഷ്യനാണ് അലി. അതുകൊണ്ട് മറ്റു ജോലികൾ ചെയ്യാൻ അലിക്ക് പ്രയാസവുമായിരുന്നു. ഒരു ദിവസം ഒരു കുട്ടയിൽ നിറയെ തൊപ്പിയുമായി അലി ചന്തയ്ക്കുപോയി - നടന്നു നടന്ന് ക്ഷീണിച്ചു. അതാ, ഒരു ഉയരം കൂടിയ മരം. അലി തൊപ്പിയടങ്ങിയ കുട്ട താഴെ വച്ചു. ഒരെണ്ണമെടുത്ത് തന്റെ തലയിലും വച്ചു, മരച്ചുവട്ടിലിരുന്നു. അറിയാതെ അലി ഉറങ്ങിപ്പോയി. ഹി.....ഹി .....ഹി... ശബ്ദംകേട്ട് അലി ഉണർന്നു. അയ്യോ, കുട്ടയിൽ ഒറ്റ തൊപ്പിയും കാണാനില്ല! ഹി ഹി ഹി... മുകളിൽനിന്നു വീണ്ടും ചിരി കേട്ടു. അലി മുകളിലേക്ക് നോക്കി. കുറേ കുരങ്ങന്മാർ മുകളിലിരുന്ന് അലിയെ നോക്കി*

*ചിരിക്കുന്നു. എല്ലാവരുടെയും കൈയിൽ തൊപ്പിയുണ്ട്. അലിക്ക് സങ്കടം അടക്കാനായില്ല. അലിക്ക് കരച്ചിൽവന്നു. അതുകണ്ട കുരങ്ങന്മാർ മുകളിലിരുന്ന് കരഞ്ഞ് കാണിച്ച് അലിയെ കളിയാക്കി. അലിക്ക് കോപം വന്നു. അലി കുരങ്ങന്മാരെ നോക്കി കോക്രി കാട്ടി. അപ്പോൾ കുരങ്ങന്മാരും കോക്രി കാട്ടി. അലിക്ക് ദേഷ്യം ഇരട്ടിച്ചു. അവൻ തന്റെ തലയിരുന്ന തൊപ്പി എടുത്ത് മുകളിലേക്ക് എറിഞ്ഞു. അപ്പോൾ കുരങ്ങന്മാർ അലിയെ നോക്കി തൊപ്പി താഴേക്ക് എറിഞ്ഞു. താഴെവീണ തൊപ്പിയെടുത്ത് കുട്ടയിലാക്കി അലി ചന്തയിലേക്ക് യാത്രയായി.*

കഥയിൽ മുകളിൽ/താഴെ, ഉയരം കൂടിയത്/ഉയരം കുറഞ്ഞത് എന്നീ വാക്കുകൾ ഉപയോഗപ്പെടുത്തിയ സന്ദർഭങ്ങൾ ഒന്നുകൂടി പറഞ്ഞുകൊണ്ടും ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ടുമാണ് കഥ അവതരിപ്പിക്കേണ്ടത്.

**പ്രവർത്തനം - 8**

**പ്രകൃതിനിരീക്ഷണം**

കുട്ടികളോടൊപ്പം പുറത്ത് ഇരുന്ന് പ്രകൃതിയെ നിരീക്ഷിച്ച് മുകളിൽ/താഴെ ഉള്ള വസ്തുക്കൾ/ജീവികൾ, ഉയരം കൂടിയ/ഉയരം കുറഞ്ഞ വസ്തുക്കൾ/ജീവികൾ എന്നിവ കണ്ടെത്തുന്നു.

- ഞാൻ കാണുന്നൊരു കാര്യം
  മരത്തിന്റെ മുകളിലാണ്,
  മരക്കൊമ്പിലാണ് ഇരിക്കുന്നത്.

ഇങ്ങനെ കടങ്കഥയായും അവതരിപ്പിക്കാം. ഇത്തരം കടങ്കഥകൾ കുട്ടികൾക്ക് പരസ്പരം പറയാം.

ഉത്തരം കണ്ടെത്താൻ കഴിഞ്ഞവർ ആരൊക്കെ?

**പ്രവർത്തനം - 9**

**മുകളിൽ, താഴെ കളി**

ചില കളികൾ ചുവടെ കൊടുക്കുന്നു.

- ബോർഡിൽ ഒരു വര വരയ്ക്കുന്നു. അതിന് മുകളിൽ/താഴെ ചിത്രം വരയ്ക്കാൻ പറയാം.
- ടീച്ചർ മുകളിൽ/താഴെ എന്ന് പറയുമ്പോൾ കൈ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുക.

ആർക്കൊക്കെയാണ് കളിയിൽ ശ്രദ്ധയോടെ പങ്കെടുക്കാൻ കഴിഞ്ഞത്?

തുടർന്ന് ഒരു വസ്തുവിന്റെ മുകളിൽ/താഴെ എന്നീ സന്ദർഭങ്ങൾ പറയാം.

- മേശയുടെ താഴെ

- അലമാരയുടെ മുകളിൽ.

ഇതുപോലെ കുട്ടികൾ സന്ദർഭം പറയട്ടെ.

തുടർന്ന് ടീച്ചറുടെ നിർദേശമനുസരിച്ച് കുട്ടികൾ പ്രവർത്തിക്കട്ടെ.

ഉദാ: • ദേവു മേശയുടെ അടിയിൽ പന്തുവയ്ക്കുക.

• അച്ചു പുസ്തകത്തിന്റെ മുകളിൽ പേന വയ്ക്കുക.




തുടർന്ന് ക്ലാസിൽ ചർച്ച.

കാര്യകാരണസഹിതം വിശദീകരിക്കാനുള്ള കഴിവ്, ആശയവിനിമയശേഷി, വിമർശനാത്മകചിന്ത എന്നിവ വിലയിരുത്തണം.

ഉയരമുള്ള ഒരു കൊമ്പിൽ കുറേ മാങ്ങയുണ്ട്. എങ്ങനെ പറിച്ചെടുക്കും? ക്ലാസ് ചർച്ചയിൽ എല്ലാവരും സജീവമായി പങ്കെടുക്കട്ടെ.

**വിവിധ വസ്തുക്കളുടെ ഉപയോഗം ചർച്ചയിൽ വരട്ടെ - ആവശ്യമായ ചോദ്യങ്ങൾ ടീച്ചർ ചോദിക്കുന്നു. കുട്ടികൾക്കും ചോദ്യങ്ങൾ ചോദിക്കാൻ അവസരം നൽകണം.**

തുടർന്ന് പാഠപുസ്തകം പേജ് 9-ലെ പ്രവർത്തനങ്ങൾ കുട്ടികൾ ചെയ്യട്ടെ. സംഭാഷണം ടീച്ചർ വായിച്ചുകൊടുക്കണം.

ചെയ്ത പ്രവർത്തനങ്ങൾ കുട്ടികൾ പരസ്പരം വിലയിരുത്തണം.



## പ്രവർത്തനം - 10

കൂടുതൽ/കുറവ്, മുന്നിൽ/പിന്നിൽ, ഇടത്/വലത്, അകലെ/അടുത്ത്, കൂടുതൽ/കുറവ് എന്നീ ആശയങ്ങൾക്കുള്ള പ്രവർത്തനങ്ങളാണ് തുടർന്ന് കൊടുത്തിരിക്കുന്നത്. ഒറ്റനോട്ടത്തിൽ കൂടുതലും കുറവും മനസ്സിലാക്കാവുന്നവ മാത്രമാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

രണ്ട് കൂട്ടങ്ങളായി വച്ചിരിക്കുന്ന മഞ്ചാടിയിൽ കൂടുതലുള്ളത് ഏതിലാണെന്ന് - വലിയ കൂട്ടം ഏതെന്ന് - പറയട്ടെ.

രണ്ട് കുട്ടികൾ ചേർന്ന് ഈ പ്രവർത്തനം വീണ്ടും തുടരാം.

- കുട്ടികളെ വരിയായി നിർത്തുന്നു. ടീച്ചർ ഒരാളുടെ പേരു പറയുന്നു, അപ്പോൾ ആ കുട്ടി

  "എന്റെ മുന്നിൽ രാജു, എന്റെ പിന്നിൽ സുമ"

  എന്നിങ്ങനെ മുന്നിലും പിന്നിലുമുള്ളവരെ പരിചയപ്പെടുത്തണം.

  തുടർന്ന് ഒരു നടത്തമത്സരം നടത്താം. ഒരാൾ നടത്തമത്സരത്തിന്റെ തത്സമയ വിശദീകരണം (കമന്ററി) നൽകട്ടെ. (ഇപ്പോൾ മുന്നിൽ രാധയുണ്ട്..... അമ്മു മുന്നിലേക്ക് വരുന്നുണ്ട്...)
- കുട്ടികളെ നിരയായി നിർത്തി ഇടതുവശത്തുള്ളവരെയും വലതുവശത്തുള്ളവരെയും ഇതുപോലെ പരിചയപ്പെടുത്തട്ടെ.

  തുടർന്ന് വട്ടത്തിൽ നിർത്തി ഇടതുകൈ പൊക്കുക, വലതുകൈ പൊക്കുക എന്നീ നിർദേശങ്ങൾ കൊടുക്കണം. തെറ്റി ചെയ്യുന്നവർ പുറത്താകും. അവസാനം വരുന്നവർ വിജയിച്ചു.

- രണ്ട് കുട്ടികൾ അഭിമുഖമായി നിന്ന് വലതു കൈകൾ ഉപയോഗിച്ച് ഷെയ്ക്ക് ഹാൻഡ് കൊടുക്കട്ടെ. തുടർന്ന് ഇടതുകൈ ഉപയോഗിച്ച് ഷെയ്ക്ക് ഹാൻഡ് കൊടുക്കട്ടെ.
- കണ്ണാടിക്ക് അഭിമുഖമായിനിന്ന് വലതുകൈ ഉയർത്തട്ടെ. തുടർന്ന് ഇടതുകൈ ഉയർത്തട്ടെ. എന്താണ് നിരീക്ഷിച്ചത്? വിശദീകരിക്കുക.

ഇനി പാഠപുസ്തകത്തിലെ 10, 11, 12 പേജുകളിലെ സംഭാഷണം വായിച്ചു കേൾപ്പിക്കണം. കുട്ടികൾ ✓ മാർക്ക് ചെയ്യണം.

തുടർന്ന് ക്ലാസിൽ ഒരു കളിയാവാം.

കുട്ടികൾ പരസ്പരം വിലയിരുത്തുകയും ടീച്ചർ വിലയിരുത്തുകയും വേണം. ആശയധാരണ, പരസ്പര ബന്ധം കണ്ടെത്തൽ, കാര്യകാരണസഹിതം സമർഥിക്കാനുള്ള കഴിവ് തുടങ്ങിയവ വിലയിരുത്തണം.






**ഇതുവരെ പറഞ്ഞ ആശയധാരണകൾ പ്രയോഗിക്കുന്നതോടൊപ്പം കുട്ടിയുടെ കായികപ്രവർത്തനങ്ങളിലുള്ള കഴിവുകൂടി പരിശോധിക്കുന്നതിനുള്ളതാണ് ഈ കളി. മറ്റുള്ളവരെ തട്ടാതെയും വീഴാതെയും സംഘത്തിൽ സഞ്ചരിക്കുക. സൂചനകൾക്കനുസരിച്ച് ദിശമാറി സഞ്ചരിക്കുക, വസ്തുക്കളുടെ മുകളിൽ കൂടിയും താഴെ കൂടിയും മുന്നിലും പിന്നിലും കൂട്ടുകാരൊക്കെ സഞ്ചരിക്കുമ്പോൾ ശാരീരിക ചലനനൈപുണികൾ ഉപയോഗിക്കുക തുടങ്ങിയവ ഈ കളികളിലൂടെ കുട്ടികൾ നേടേണ്ട കഴിവുകളാണ്. ഈ കളിയുടെ ലക്ഷ്യം നേടാൻ ടീച്ചറുടെ നിർദേശങ്ങൾക്ക് പ്രാധാന്യമുണ്ട്.**



### *വണ്ടികളി*

നാല് പേർ തോളിൽ പിടിച്ച് ഒരു വണ്ടിയും, 6 പേർ തോളിൽ പിടിച്ച് മറ്റൊരു വണ്ടിയും ക്ലാസിൽ ഉണ്ടാക്കുക. ടീച്ചറുടെ നിർദേശപ്രകാരം കുട്ടികൾ പ്രവർത്തിക്കണം. ഉചിതമായ നിർദേശങ്ങൾ തയാറാക്കണം. ചില മാതൃകകൾ ചുവടെ.

- ഒന്നാംവണ്ടി വലത്തോട്ട് തിരിയട്ടെ.
- രണ്ടാംവണ്ടി ഇടത്തോട്ട് തിരിയട്ടെ.
- ഒന്നാംവണ്ടിയിൽ രാജൻ വലിയ പന്തുമായി കയറട്ടെ.
- രണ്ടാംവണ്ടി അടുത്തു കിടക്കുന്ന കമ്പുകഷണത്തിന്റെ മുകളിലൂടെ പോവുക.
- ഒന്നാംവണ്ടിയിൽ, 5 പേർ (പേര് പറയണം) തോരണംകെട്ടിയതിന് താഴെക്കൂടി പോകട്ടെ. (തോരണം മുൻകൂട്ടി കെട്ടണം).
- വണ്ടിയിൽ കയറാനുള്ളവർ വലതുകൈ പൊക്കട്ടെ.
- രണ്ടാംവണ്ടി അകലെയുള്ള 4-ാം ക്ലാസിന് സമീപം പോയി തിരിച്ചു വരുക.
- ഒന്നാംവണ്ടിയുടെ മുന്നിലുള്ള ആൾ പിന്നിൽപ്പോയി നിൽക്കട്ടെ.

- വലതുകൈ കാണിച്ച് വണ്ടി നിർത്തുക.
- 
- 

എല്ലാവരും വണ്ടിയിൽ കയറി എന്ന് ഉറപ്പുവരുത്തുക.




ഈ കളിയിലൂടെ നിശ്ചയിച്ച ആശയം കുട്ടികളിൽ എത്തിയോ എന്ന് പരിശോധിക്കുന്നതോടൊപ്പംതന്നെ കായികപ്രവർത്തനങ്ങളിലുള്ള കഴിവും വിലയിരുത്തണം. ഈ പ്രവർത്തനം യൂണിറ്റിന്റെ വിലയിരുത്തലിനായി ഉപയോഗപ്പെടുത്താം.

**വർക്ക്ഷീറ്റ് പൂർത്തിയാക്കാം**

പാഠപുസ്തകത്തിലെ 12 മുതൽ 15 വരെ പേജുകളിലെ വർക്ക്ഷീറ്റുകൾ കുട്ടികൾ സ്വയം ചെയ്യണം. ഇത് യൂണിറ്റ് വിലയിരുത്തലിനായി ഉപയോഗപ്പെടുത്താം. പൂരിപ്പിച്ച വർക്ക്ഷീറ്റുകൾ പോർട്ട്ഫോളിയോയുടെ ഭാഗമായി വിലയിരുത്തണം.




വർക്ക്ഷീറ്റുകൾ കുട്ടികൾ പരസ്പരം വിലയിരുത്തട്ടെ. യൂണിറ്റിന്റെ വിലയിരുത്തലിനായി താഴെക്കൊടുത്ത രീതിയിലുള്ള വർക്ക്ഷീറ്റുകളെ മറ്റു പ്രവർത്തനങ്ങളോടൊപ്പം ഉപയോഗപ്പെടുത്താവുന്നതാണ്.